2. പ്രഗത്ഭരുടെ അഭിപ്രായം മാനിച്ച് 1999-2000-ൽ ഈ പരിഷ്കരിച്ച മാനുവലിൽ ചില ഭേദഗതികൾ വരുത്തി.
3. ഫലപ്രഖ്യാപനത്തിലുള്ള പരാതി ബോധിപ്പിക്കുന്നതിന് എല്ലാ തലത്തിലും അപ്പീൽ കമ്മിറ്റി രൂപീകരിക്കുവാൻ പുതിയ മാനുവൽ വ്യവസ്ഥ ചെയ്യുന്നു.
4. എല്ലാ മത്സരങ്ങൾക്കും മൂല്യനിർണ്ണയോപാധികൾ ഉണ്ടാക്കുകയും വിധി നിർണ്ണയം കുറ്റമറ്റതാക്കുവാനും ശ്രദ്ധിച്ചിട്ടുണ്ട്.
5. വിധികർത്താക്കളായി എത്തുന്നവരെ ഒരു തരത്തിലും സ്വാധീനം ചെലുത്തുവാൻ സാധിക്കാത്തവിധം അവരുടെ പേരുവിവരം രഹസ്യമായി വയ്ക്കുന്നതിന്പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.
6. ഈ വർഷത്തെ യുവജനോത്സവ നടത്തിപ്പിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളും ഉന്നയിക്കപ്പെടുന്ന പരാതികളും ക്രമക്കേടുകളും അടുത്ത വർഷത്തെ മത്സരങ്ങളുടെ നടത്തിപ്പിന് മുമ്പ് വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് അവശ്യം വേണ്ട മാറ്റങ്ങൾ വരുത്താറുണ്ട്.
7. പരാതികളും ക്രമക്കേടുകളും കഴിയുന്നത്ര കുറയ്ക്കുന്നതിനായി വകുപ്പു തലത്തിൽ പരിഷ്കരിച്ച മാനുവലിനനുസൃതമായി സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്.

(ഡി&ഇ) ഇക്കാര്യം വിശദമായി പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

(എഫ്) ഉണ്ട്.

(ജി) അനന്തര നടപടി സ്വീകരിക്കുന്നതിനായി പരാതികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശാസ്ത്ര-സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾക്കായി കേന്ദ്രഗവൺമെന്റ് ഫണ്ട് രൂപീകരണം

100 (1217) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എ ചന്ദ്രൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സർവകലാശാലകളിലെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലെയും ശാസ്ത്ര-സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഒരു ഫണ്ട് രൂപീകരിച്ചിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഫണ്ടിൽ നിന്നും സംസ്ഥാനത്തെ സർവകലാശാലകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സഹായം ലഭിക്കുന്നതിനായി എന്തെല്ലാം ചെയ്യുവാൻ ഉദ്ദേശിക്കുന്നു ;

(സി) സംസ്ഥാനത്തെ സർവകലാശാലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശാസ്ത്ര-സാങ്കേതിക ശാസ്ത്ര-വൈദ്യശാസ്ത്രങ്ങളിൽ പുതിയ കണ്ടുപിടുത്തത്തിലേക്ക് നയിക്കാനുതകുന്ന എന്തെല്ലാം പരിഷ്ക്കാരങ്ങൾ നടക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകളിൽ ശാസ്ത്ര-സാങ്കേതിക പുരോഗതിയിലേക്കു നയിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി ഗവേഷണ പരിപാടികൾ നടത്തുന്നുണ്ട്. കൊച്ചിൻ ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിയിൽ അഡ്വാൻസസ് സയൻസ് ആന്റ് ടെക്നോളജി രംഗങ്ങളിൽ പ്രത്യേകിച്ച് സ്പെഷ്യലൈസ് മേഖലകളിൽ പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് നയിക്കാവുന്ന ഗവേഷണങ്ങൾ നടക്കുന്നുണ്ട്. മറ്റു സർവകലാശാലകളുടെ കീഴിലും ശാസ്ത്രവിഷയങ്ങളിൽ ഗവേഷണങ്ങൾ നടക്കുന്നുണ്ട്.

കേന്ദ്രഗവൺമെന്റിന്റെ പതിനഞ്ചിന വിദ്യാഭ്യാസ പദ്ധതി

101 (1219) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവൺമെന്റിന്റെ പതിനഞ്ചിന വിദ്യാഭ്യാസ പദ്ധതി അനുസരിച്ച് ഈ വർഷം ലഭിച്ച ആനുകൂല്യങ്ങൾ, വിവിധ പദ്ധതികൾ എന്നിവ വിശദമാക്കുമോ ;

(ബി) ഇക്കൊല്ലം പുതിയ ഏതൊക്കെ വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുവാൻ കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ ഉന്നതിക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ ഏരിയാ ഇന്റൻസീവ് പ്രോഗ്രാം, മോഡേണൈസേഷൻ ഓഫ് മദ്രസ എഡ്യൂക്കേഷൻ എന്നിവ പ്രകാരം ഗ്രാന്റ് ഒന്നും ഈ വർഷം ലഭിച്ചിട്ടില്ല.

(ബി) പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ ഉന്നതിക്കായി ഇക്കൊല്ലം പുതിയ പദ്ധതികൾ ഒന്നും നടപ്പിലാക്കുവാൻ കേന്ദ്രം നിർദ്ദേശം നൽകിയിട്ടില്ല.

എസ്.എസ്.എൽ.സി. പരീക്ഷയിലെ കോപ്പിയടി തടയുവാൻ നടപടി

102 (1222) ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. വി. ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പരീക്ഷയിലെ കോപ്പിയടി തടയുവാൻ ഉള്ള കമ്മിറ്റിയിൽ റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ബി) റവന്യു ഉദ്യോഗസ്ഥരെ ഈ കമ്മിറ്റിയിൽ പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനമെന്തെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly